Draft #5 of File 46642/AC B6-1/2020/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 03-Feb-2021 02:46 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം പൂർത്തീകരിക്കുന്ന അവസാന തീയതി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 745/AC B 6/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.02.2021

---

*പരാമർശം:*-1) നോട്ടിഫിക്കേഷൻ നം.46642/AC B6-1/2020/AC B 6, തീയതി : 30.11.2020

2) CAP സാങ്കേതിക വിഭാഗത്തിൽ നിന്നുള്ള കുറിപ്പ് നം. ക്യാപ്/03/2021,തീയതി : 02.02.2021

3) ബഹു. വൈസ് ചാൻസിലറുടെ 02.02.2021 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദാനന്തരബിരുദപ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം പരാമർശം (1) പ്രകാരം 03.02.2021 ന് പൂർത്തികരിക്കേണ്ടതാണ്. എന്നാൽ ഫൈനൽ അലോട്ട്മെന്റിനുശേഷവും ചില കോളേജുകളിലെ ചില ബിരുദാനന്തരബിരുദപ്രോഗ്രാമുകളിൽ ഏതാനും സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമുണ്ട്. ഈ സാഹചര്യത്തിൽ ടി സീറ്റുകളിലെ ഒഴിവ് നികത്തുന്നതിനായി പുതുതായി ഓപ്ഷൻ രജിസ്ട്രേഷൻ/ഓൺലൈൻ രജിസ്ട്രേഷനുള്ള സൗകര്യം നൽകുന്നതിനും തുടർന്ന് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മെറിറ്റ്/സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് പ്രവേശനം നടത്തുന്നതിനു കോളേജ് പ്രിൻസിപ്പൽമാരെ അനുവദിക്കുന്നതിനും അനുമതി തേടി കൊണ്ട് താഴെ പറയുന്ന പ്രവേശനഷെഡ്യൂൾ, പരാമർശം (2) പ്രകാരം, അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

| ക്രമ.നം | ഇനം | തീയതി |
|---|---|---|
| 1 | ഓൺലൈൻ രജിസ്ട്രേഷൻ/ ഓപ്ഷൻ രജിസ്ട്രേഷൻ | 03/02/2021 - 05/02/2021 |
| 2 | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം | 06/02/2021 |
| 3 | പ്രവേശനം | 06/02/2021 - 10/02/2021 |
| 4 | പ്രവേശനം പൂർത്തീകരിക്കുന്ന തീയതി | 10/02/2021 |

മേൽ ഷെഡ്യൂൾ അനുസരിച്ച് സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും

10.02.2021 വരെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം നടത്തുന്നതിനു കോളേജുകളെ അനുവദിച്ചുകൊണ്ടു ബഹു. വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെയും പ്രിൻസിപ്പൽമാർ
2. വൈസ് ചാൻസിലർ/ പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പി എസ് മാർ
3. രജിസ്ട്രാർ /ഫിനാൻസ് ഓഫിസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
4. ജോയിൻറ് രജിസ്ട്രാർ I/III (ഭരണം )
5. ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക് )
6. അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )
7. ക്യാപ് സാങ്കേതിക വിഭാഗം/ സിസ്റ്റം അഡ്മിനിസ്ട്രേഷൻ വിംഗ്
8. എസി.എ 1/ എസി.എ 5/എസി.എ 7/എസി.എ 8
9. ഐ ക്യു എ സി , കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
10. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 46642/AC B6-1/2020/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 03-Feb-2021 02:46 PM - Page 2